# ബത്തേരിയിലെ സമരം എന്തു നേടി എന്ന് ജനങ്ങളോട് വിശദീകരിക്കണം

ബന്ദിപ്പൂർ ദേശീയോദ്യാനത്തിലൂടെ കടന്നുപോകുന്ന കോഴിക്കോട്- കൊല്ലഗൽ റോഡിൽ കഴിഞ്ഞ 10 വർഷമായി നിലനിൽക്കുന്ന രാത്രിയാത്രാനിരോധനം പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബത്തേരിയിൽ നടന്ന സമരം ആരിൽനിന്നും എന്തുറപ്പുനേടിയാണ് പിൻവലിച്ചതെന്ന് വ്യക്തമാക്കണമെന്ന് വയനാട് പ്രകൃതിസംരക്ഷണസമിതി ആവശ്യപ്പെടുന്നു.

സുൽത്താൻബത്തേരിയിലെ ഒരുസംഘം കച്ചവടക്കാർ, ഇഞ്ചിമാഫിയ, സ്വർണ്ണം- ഹവാല കള്ളക്കടത്തുകാർ, റിസോർട്ട്- ക്വാറിമാഫിയകൾ, മതസംഘടനകൾ തുടങ്ങിയവർ ആളും അർത്ഥവും നൽകി തെറ്റിദ്ധാരണകളും വിദ്വേഷവും കുപ്രചരണവും അഴിച്ചുവിട്ടാണ് അരാചകസമരത്തിന് എണ്ണയൊഴിച്ച് ആളിക്കത്തിച്ചത്.

2012- ൽ ബത്തേരിയിൽ കടുവപ്രശ്നത്തിൽ പരിസ്ഥിതി പ്രവർത്തകർക്കെതിരെ വിവിധ മാഫിയകൾ നടത്തിയത് പോലുള്ള ഉറഞ്ഞാട്ടത്തിനാണ് ബത്തേരി സാക്ഷ്യം വഹിച്ചത്. മതമേധാവികൾ പള്ളികളിലേക്കും പാർട്ടികൾ താഴെത്തട്ടിലേക്കും കർശന നിർദ്ദേശം നൽകി അനുയായികളെ തെരുവിലിറക്കി. മാനേജ്മെന്റുകൾ പ്ലേ സ്കൂൾ കുട്ടികളെ വരെ ആട്ടിത്തെളിയിച്ചു. പഞ്ചായത്തുകൾ അംഗനവാടികളെയും അയൽക്കൂട്ടങ്ങളെയും നിർബന്ധിച്ചു. മണ്ണുമാറ്റി യന്ത്രങ്ങളുടെ പ്രകടനം വയനാടിന് പുറത്ത് പുച്ഛത്തോടെയാണ് മാധ്യമങ്ങൾ പ്രസിദ്ധീകരിച്ചത്.

റോഡ് പകൽ കൂടി അടക്കാൻ തീരുമാനിച്ചുകഴിഞ്ഞുവെന്നും വയനാട് ഒറ്റപ്പെടാൻ പോകുന്നുവെന്നും വയനാട്ടുകാർ പലായനം ചെയ്യേണ്ടിവരുമെന്നുമൊക്കെയുള്ള പച്ചക്കള്ളം വ്യാപകമായി സമരക്കാർ പ്രചരിപ്പിക്കുകയുണ്ടായി. നിലവിലുള്ള രാത്രിയാത്രനിരോധനം തുടരുമെന്നാണ് സുപ്രീംകോടതി വ്യക്തമാക്കിയത്. പകൽസമയത്ത് റോഡ്, ഒരു കാരണവശാലും അടച്ചിടില്ലെന്ന് കർണ്ണാടകസർക്കാറും അതിന്ന് അരുനിൽക്കില്ലെന്ന് പരിസ്ഥിതി സംഘടനകളും വിശദീകരിച്ചെങ്കിലും സംഘടിതകുപ്രചരണത്തിൽ അവയൊക്കെ മുങ്ങിപ്പോവുകയാണുണ്ടായത്.

ജനക്കൂട്ടത്തെ ഉന്മാദികളാക്കി ഇളക്കിവിട്ടത് ഇന്നത്തെ അവസ്ഥക്ക് കാരണക്കാരായ രാഷ്ട്രീയകക്ഷികൾ തന്നെയാണ്. പത്തുവർഷം മുമ്പ് രാത്രിഗതാഗതം നിരോധിച്ചപ്പോഴും ഇപ്പോഴും കേരളം ഭരിക്കുന്ന സി.പി. എം.മ്മിന് ഉത്തരവാദിത്തത്തിൽനിന്നും കൈ കഴുകാൻ സാദ്ധ്യമല്ല. ഇപ്പോഴത്തെ ഭരണകാലത്ത് സുപ്രീംകോടതിയുടെ നിർദ്ദേശാനുസരണം ബാംഗളുരുവിൽ കൂടിയ വിവിധ യോഗങ്ങളിൽ കേരളസർക്കാരിന്റെ പ്രതിനിധികൾ ഉന്നയിച്ച ആവശ്യം രാത്രിനിരോധം പിൻവലിക്കാനല്ല, ബദൽ പാത ശക്തിപ്പെടുത്താനായിരുന്നു എന്ന് ആർക്കാണറിഞ്ഞുകൂടാത്തത്.? കണ്ണൂർ വിമാനത്താവളത്തിൽനിന്നും മാനന്തവാടിക്ക് നിർമ്മിക്കാനുദ്ദേശിക്കുന്ന അന്താരാഷ്ട്ര നിലവാരമുള്ള റോഡുമായി മൈസൂർ- കുട്ട- മാനന്തവാടി റോഡ് നാഷണൽ ഹൈവേയാക്കി ഉയർത്തിയശേഷം ബന്ധിപ്പിക്കാനാണിതെന്ന് വ്യക്തമാണ്. കർണ്ണാടക ഹൈക്കോടതിയിലെ കേസിൽ കക്ഷിചേർന്ന എം.കെ.രാഘവൻ, എം.ഐ. ഷാനവാസ് എന്നീ എം.പി മാരുടെ വക്കീൽമാരും ഇതെ ആവശ്യമാണുന്നയിച്ചത്.

കേന്ദ്രവും കേരളവും കർണ്ണാടകയും ഒന്നിച്ച് കോൺഗ്രസ്സ് ഭരിച്ചിരുന്ന ദീർഘമായ കാലമുണ്ടായിരുന്നു.എട്ടുകേന്ദ്രമന്ത്രിമാർക്ക് പുറമെ കർണ്ണാടകയുടെ ചാർജ്ജ് വഹിച്ചിരുന്നത് കെ.സി.വേണുഗോപാലായിരുന്നു. രാഹുൽഗാന്ധി അന്നും കോൺഗ്രസ്സിന്റെ ചോദ്യം ചെയ്യപ്പെടാത്ത നേതാവായിരുന്നു. അന്നൊന്നും ഒരു ചെറുവിരൽ അനക്കാത്തവർ സമരത്തിന്റെ മുൻപന്തിയിൽ തന്നെ നിൽക്കുന്നത് ജനങ്ങളെ കബളിപ്പിക്കാനാണ്.

ബി.ജെ.പി.യാണ് ബത്തേരി സമരത്തിന്റെ ഏറ്റവും അപഹാസ്യമായ മുഖം സുപ്രീംകോടതി കേന്ദ്രവനംപരിസ്ഥിതി മന്ത്രാലയത്തോടാണ് അഫിഡവിറ്റ് നൽകാൻ ആവശ്യപ്പെട്ടത്, കർണ്ണാടകവനംവകുപ്പിനോടല്ല. വയനാടിന്റെ ന്യായമായ ആവശ്യം കേന്ദ്രത്തെ ബോദ്ധ്യപ്പെടുത്താൻ കഴിയാത്തവർ സമരത്തിന് നേതൃത്വം നൽകുന്നത് സാമാന്യജനത്തോടുള്ള വെല്ലുവിളിയാണ്.

ബി.ജെ.പി. സംസ്ഥാന അദ്ധ്യക്ഷൻ ശ്രീധരൻപിള്ളയും പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തലയും സി.പി.എം. നേതാവ് ജയരാജനും മന്ത്രിമാരും ബത്തേരിയിലെ ഹിസ്റ്റീരിയ ബാധിച്ച ജനക്കൂട്ടത്തിന്റെ വികാരത്തിൽ എണ്ണ കോരിയൊഴിച്ച് ചുരമിറങ്ങിയതല്ലാതെ ഫലപ്രദമായ ഒന്നും ചെയ്തിട്ടില്ലെന്ന് വയനാട്ടുകാർ തിരിച്ചറിയുക തന്നെ ചെയ്യും.

മൂന്നരവയസ്സുള്ള പ്ലേസ്കൂൾ കുട്ടികളെ സമരമുഖത്തിറക്കിയത് സമാനതകളില്ലാത്ത ക്രൂരതയാണ് ഗ്രേറ്റാ തുംങ്ബർഗ്ഗയുടെ ആഹ്വാനപ്രകാരം നൂറോളം രാജ്യങ്ങളിലെ ദശലക്ഷക്കണക്കിന് വിദ്യാർത്ഥികൾ ലോകമെങ്ങും പരിസ്ഥിതിക്കുവേണ്ടി തെരുവിൽ മാർച്ചുനടത്തുന്ന ദിവസങ്ങളിൽ ആയിരക്കണക്കിന് വിദ്യാർത്ഥികളെ വനത്തിനും വന്യജീവികൾക്കും പരിസ്ഥിതിക്കുമെതിരെ തിരിച്ചുവിട്ടവർ ഇന്നല്ലെങ്കിൽ നാളെ ഖേദിക്കേണ്ടിവരുമെന്ന് ഞങ്ങൾക്കുറപ്പുണ്ട്.

പരിസ്ഥിതിപ്രവർത്തകരെ തേജോഹത്യചെയ്തും അവരുടെ കോലം കത്തിച്ചും കൊലവിളി നടത്തിയും ആഘോഷിച്ച അരാജകസമരത്തിന്റെ അനിവാര്യമായ അന്ത്യമാണ് ബത്തേരിയിലുണ്ടായത്. ആവശ്യപ്പെട്ടതൊന്നും നേടിയെടുക്കാനാവാതെയാണ് അത് അവസാനിച്ചത്.

രാത്രിയാത്രാനിരോധനം തുടരുന്നതിനായി യത്നിക്കുന്നതിനൊപ്പം പകൽസമയം കൂടി നിരോധനം ബാധകമാക്കി ബന്ദിപ്പൂർ പാത പൂർണ്ണമായും അടച്ചിടുന്നതിനെ കേസിൽ ഉൾപ്പെട്ട സംഘടനയെന്ന നിലയിൽ വയനാട് പ്രകൃതിസംരക്ഷണസമിതി ശക്തമായി എതിർക്കുകയും ചെറുക്കുകയും ചെയ്യും.

*എൻ. ബാദുഷ (പ്രസിഡണ്ട്), തോമസ്സ് അമ്പലവയൽ (സെക്രട്ടറി)*

*എം.ഗംഗാധരൻ (ഖജാൻജി) സണ്ണി പടിഞ്ഞാറത്തറ, അബു പൂക്കോട്*

സു ബത്തേരി
14/10/2019

**വയനാട് പ്രകൃതിസംരക്ഷണസമിതി**
**സുൽത്താൻ ബത്തേരി പി. ഒ.**

# മനുഷ്യ-വന്യജീവിസംഘർഷം : കർഷകപ്രക്ഷോഭങ്ങൾ ഫോറസ്റ്റ് ക്രിമിനലുകൾ ഹൈജാക്ക് ചെയ്യുന്നു

മനുഷ്യ-വന്യജീവിസംഘർഷം പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വയനാട്ടിൽ പലയിടത്തും നടന്നുവരുന്ന കർഷകപ്രക്ഷോഭങ്ങളെ ഹൈജാക്ക് ചെയ്ത്, വനത്തിനും വന്യജീവികൾക്കും വനപാലകർക്കും പരിസ്ഥിതിപ്രവർത്തകർക്കുമെതിരെ തിരിച്ചുവിട്ട് കലാപാന്തരീക്ഷം സൃഷ്ടിക്കുകയും കാടിന് തീയിടുകയും ചെയ്യുന്ന ഫോറസ്റ്റ് ക്രിമിനലുകളെയും തത്പരകക്ഷികളെയും കർഷകസമൂഹം തിരിച്ചറിഞ്ഞ് ഒറ്റപ്പെടുത്തണമെന്ന് വയനാട് പ്രകൃതിസംരക്ഷണസമിതി ആവശ്യപ്പെടുന്നു. കേരളഭരണത്തിന് നേതൃത്വം കൊടുക്കുന്ന പാർട്ടിയും പ്രതിപക്ഷവും പഞ്ചായത്തുമൊക്കെ ഈ കുരിശുയുദ്ധത്തിൽ പങ്കാളികളാണ്.

വന്യജീവികേന്ദ്രത്തിനുള്ളിലൂടെ ഒഴുകിക്കൊണ്ടിരിക്കുന്ന നൂൽപ്പുഴയിലെ ആനക്കടവുകളിൽ വേനൽക്കാലത്ത് ഇഞ്ചികൃഷി നനയ്ക്കാൻ നിയമവിരുദ്ധമായി സ്ഥാപിച്ച പമ്പുസെറ്റുകൾ നീക്കം ചെയ്യാൻ നോട്ടീസ് നൽകിയ ഉദ്യോഗസ്ഥരെ മർദ്ദിച്ച കേസിലെ പ്രതികളും ആനയെ വൈദ്യുതി ഷോക്കേൽപ്പിച്ച കൊന്ന കേസിലെ പ്രതികളും റിസോർട്ട് മാഫിയയും ചേർന്ന് സ്പോൺസർ ചെയ്ത് മുത്തങ്ങ റെയിഞ്ചോഫീസിനു മുന്നിൽ നടത്തിയ സമരം ഉദ്ഘാടനം ചെയ്തത് സി.പി.എമ്മിന്റെ ജില്ലാ സെക്രട്ടറിയാണ്.

പുനരധിവാസം അന്ത്യഘട്ടത്തിലെത്തി നിൽക്കുന്ന ചെട്ടിയാലത്തൂർ ഗ്രാമത്തിലെ 19 കുട്ടികൾ പഠിക്കുന്നതും അടച്ചുപൂട്ടാനിരിക്കുന്നതുമായ സ്കൂളിന് ചുറ്റുമതിലുണ്ടാക്കാനും ആളൊഴിഞ്ഞ കോളനിയിലേക്ക് റോഡുണ്ടാക്കാനും പെർമിറ്റില്ലാത്ത കല്ലും മണലും വന്യജീവികേന്ദ്രത്തിലൂടെ ബലമായി കൊണ്ടുപോയതും ജില്ലാ കളക്ടർ അദ്ധ്യക്ഷനായ കമ്മിറ്റി തീരുമാനം അനുസരിച്ച് തടഞ്ഞ വനപാലകരെ ഗുണ്ടകളെ ഉപയോഗിച്ച് വിരട്ടിയതും മുഖ്യഭരണകക്ഷി ഭരിക്കുന്ന പഞ്ചായത്താണ്.

വള്ളുവാടി പ്രദേശത്തെ വനാതിർത്തികൾ അളന്ന് തിരിച്ച് അടയാളപ്പെടുത്തിയതിന് ഫോറസ്റ്റ് സ്റ്റേഷൻ ഉപരോധിച്ചതും നാഷണൽ ഹൈവേയുടെ അതിർത്തി നിശ്ചയിക്കുന്ന സർവ്വേ, പാർട്ടിനേതാവിന്റെ വീടിന്റെ ചുറ്റുമതിൽ വനഭൂമിക്കകത്താണെന്ന് കണ്ട നിമിഷം കല്ലുകൾ പറിച്ചെറിഞ്ഞ് തടസ്സപ്പെടുത്തിയതുമൊക്കെ പഞ്ചായത്തധികാരികളാണ്.

വടക്കനാട് കൊമ്പനെ പിടികൂടണമെന്നാവശ്യപ്പെട്ടുകൊണ്ട് കർഷകർ കാട്ടിലേക്ക് നടത്തിയ മാർച്ചിൽ കാടുകത്തിക്കാനും വനപാലകരുടെ കാൽ വെട്ടാനും പരസ്യമായി ആഹ്വാനം ചെയ്തത് പഞ്ചായത്ത് മെമ്പറും കോൺഗ്രസ്സ് നേതാവുമായ ബെന്നിയാണ്. പഞ്ചായത്തംഗമായ ബെന്നി സത്യപ്രതിജ്ഞാ ലംഘനമാണ് നടത്തിയത്. ഇയാൾക്കെതിരെ കേസ്സെടുക്കുകയല്ലാതെ അറസ്റ്റ് ചെയ്തിട്ടില്ല. സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷനും എ.എ.സി.സി.ക്കും കെ.പി.സി.സി.ക്കും പ്രസംഗത്തിന്റെ ഫൂട്ടേജ് സഹിതം പരാതി സമർപ്പിക്കും. ഇയാളെ ഉടനടി അറസ്റ്റ് ചെയ്യണമെന്ന് പ്രകൃതിസംരക്ഷണസമിതി ആവശ്യപ്പെടുന്നു.

നൂറിലധികം മനുഷ്യരും അതിന്റെ പതിന്മടങ്ങ് വന്യജീവികളും കൊല്ലപ്പെടുകയും അനേകം കോടി രൂപ കൃഷിനാശത്തിനായി നൽകേണ്ടിവരികയും ചെയ്യുന്ന, മനുഷ്യ-വന്യജീവിസംഘർഷം അഭംഗുരം തുടരുന്നതിനുള്ള ഉത്തരവാദിത്തം കേരളം മാറി മാറി ഭരിച്ച സർക്കാരുകൾക്കും അതിന് നേതൃത്വം നൽകിയ രാഷ്ട്രീയപ്പാർട്ടികൾക്കും എം.എൽ.എ. മാർക്കും എം.പി.മാർക്കും ആണ്. ഒരൊറ്റ പാർട്ടിയും കർഷകസംഘടനകളും പഞ്ചായത്തുകളും പ്രശ്നം ശാശ്വതമായി പരിഹരിക്കാൻ ഗൗരവതരമായ ഒന്നും ഇന്നേവരെ ചെയ്തിട്ടില്ല. വന്യജീവികൾ ആളെ കൊല്ലുകയോ മറ്റോ ചെയ്യുമ്പോൾ ഓടിയെത്തി ക്ഷുഭിതരായ ജനങ്ങൾക്ക് നേതൃത്വം കൊടുക്കൽ മാത്രമാണ് ഇവരുടെ പതിവുപരിപാടി. പിന്നീട് എല്ലാം മറക്കുന്നു. ചുരം ബദൽറോഡിനും റെയിൽവേക്കും വേണ്ടി ബഹളം വച്ചതിന്റെ പത്തിലൊന്ന് ശ്രമിച്ചിരുന്നെങ്കിൽ വന്യജീവിപ്രശ്നം എന്നേ പരിഹരിച്ചേനേ.

ഒരുലക്ഷം ഹെക്ടർ വിസ്തൃതിയുള്ള വയനാടൻ കാടുകളിൽ 32000 ഹെക്ടർ തേക്ക്, യൂക്കാലിപിറ്റ്സ് തുടങ്ങിയ വിളത്തോട്ടങ്ങളാണ്. വയനാട്ടിലെ വന്യജീവികൾ കാടിറങ്ങുന്നതിന്റെ പ്രധാന കാരണവും ഈ തോട്ടങ്ങളാണ്. നാശം സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന തേക്കുതോട്ടങ്ങൾ സ്വാഭാവികവനമായി പുനഃപരിവർത്തിപ്പിക്കണമെന്ന് കഴിഞ്ഞ 35 വർഷമായി പരിസ്ഥിതി പ്രവർത്തകർ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ സർക്കാരുകൾ വച്ചുപിടിപ്പിച്ച തേക്ക് തോട്ടങ്ങളിൽ 1000 ഏക്കർ വീതം വർഷാവർഷം മുറിച്ച് വിറ്റ് അവയെ സ്വാഭാവികമാക്കി മാറ്റിയാൽ പ്രതിവർഷം 2000 കോടി രൂപ സർക്കാറിന് വരുമാനമുണ്ടാകും. ഇതിന്റെ നാലിലൊന്ന് ചിലവഴിച്ചാൽ വയനാട് ഒരു സ്വർഗ്ഗഭൂമിയായി മാറും. വയനാടും കർഷകരും രക്ഷപ്പെടും.

മുതലക്കണ്ണീർ പൊഴിക്കുകയും വനപാലകർക്കും പരിസ്ഥിതിപ്രവർത്തകർക്കുമെതിരെ വിദ്വേഷപ്രചരണം നടത്തുകയും ചെയ്യുന്നത് അവസാനിപ്പിച്ച് വന്യജീവിപ്രശ്നം ശാശ്വതമായി പരിഹരിക്കാൻ അധികാരം കൈയാളുന്നവരും പഞ്ചായത്തുകളും പാർട്ടികളും തയ്യാറാവുകയാണ് വേണ്ടത്. അതിനുള്ള കർഷകമുന്നേറ്റമാണിവിടെ ഉയർന്നുവരേണ്ടത്.

കൽപ്പറ്റ
05.03.2019

**എൻ. ബാദുഷ (പ്രസിഡണ്ട്),**
**തോമസ്സ് അമ്പലവയൽ (സെക്രട്ടറി)**
**വയനാട് പ്രകൃതിസംരക്ഷണസമിതി**

വയനാട്-കേരളം 673 592
Wayanad-Keralam 673 592
Ph :
President/Secretary
Date ..................

## മനുഷ്യ-വന്യജീവിസംഘർഷം: കർഷകപ്രക്ഷോഭങ്ങൾ ഫോറസ്റ്റ് ക്രിമിനലുകൾ ഹൈജാക്ക് ചെയ്യുന്നു.

മനുഷ്യ-വന്യജീവിസംഘർഷം പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വയനാട്ടിൽ പല ഇടത്തും നടന്നുവരുന്ന കർഷകപ്രക്ഷോഭങ്ങളെ ഹൈജാക്ക് ചെയ്ത്, വനത്തിനും വന്യജീവികൾക്കും വനപാലകർക്കും പരിസ്ഥിതിപ്രവർത്തകർക്കുമെതിരെ തിരിച്ചുവിട്ട് കലാപാന്തരീക്ഷം സൃഷ്ടിക്കുകയും കാടിന്ന് തീയിടുകയും ചെയ്യുന്ന ഫോറസ്റ്റ് ക്രിമിനലുകളെയും തത്പരകക്ഷികളെയും കർഷകസമൂഹം തിരിച്ചറിഞ്ഞ് ഒറ്റപ്പെടുത്തണമെന്ന് വയനാട് പ്രകൃതിസംരക്ഷണ സമിതി ആവശ്യപ്പെടുന്നു. കേരളഭരണത്തിന് നേതൃത്വം കൊടുക്കുന്ന പാർട്ടിയും പ്രതിപക്ഷവും പഞ്ചായത്തുമൊക്കെ ഈ കുരിശുയുദ്ധത്തിൽ പങ്കാളികളാണ്.

വന്യജീവികേന്ദ്രത്തിനുള്ളിലൂടെ ഒഴുകിക്കൊണ്ടിരിക്കുന്ന നൂൽപ്പുഴയിലെ ആനക്കടവുകളിൽ വേനൽക്കാലത്ത് ഇഞ്ചികൃഷി നനക്കാൻ നിയമവിരുദ്ധമായി സ്ഥാപിച്ച പമ്പുസെറ്റുകൾ നീക്കം ചെയ്യാൻ നോട്ടീസ് നൽകിയ ഉദ്യോഗസ്ഥരെ മർദ്ദിച്ച കേസിലെ പ്രതികളും ആനയെ വൈദ്യുതിഷോക്കേൽപ്പിച്ച് കൊന്ന കേസിലെ പ്രതികളും റിസോർട്ട് മാഫിയയും ചേർന്ന് സ്പോൺസർ ചെയ്ത് മുത്തങ്ങ റെയ്ഞ്ചാപ്പീസിനു മുന്നിൽ നടത്തിയ സമരം ഉദ്ഘാടനം ചെയ്തത് സി.പി.എമ്മിന്റെ ജില്ലാ സെക്രട്ടറിയാണ്.

പുനരധിവാസ പദ്ധതി അന്ത്യഘട്ടത്തിലെത്തിനിൽക്കുന്ന ചെട്ട്യാലത്തൂർ ഗ്രാമത്തിലെ 19 കുട്ടികൾ പഠിക്കുന്നതും അടച്ചുപൂട്ടാനിരിക്കുന്നതുമായ സ്കൂളിന്റെ ചുറ്റുമതിലുണ്ടാക്കാനും ആളൊഴിഞ്ഞ കോളനിയിലേക്ക് റോഡുണ്ടാക്കാനും പെർമിറ്റില്ലാത്ത കല്ലും മണലും വന്യജീവികേന്ദ്രത്തിലൂടെ ബലമായി കൊണ്ടുപോയതും, ജില്ലാ കലക്ടർ അധ്യക്ഷനായ കമ്മറ്റി തീരുമാനം അനുസരിച്ച് തടഞ്ഞ വനപാലകരെ ഗുണ്ടകളെ ഉപയോഗിച്ച് വിരട്ടിയതും മുഖ്യഭരണകക്ഷി ഭരിക്കുന്ന പഞ്ചായത്താണ്.

വള്ളുവാടി പ്രദേശത്തെ വനാതിർത്തികൾ അളന്നുതിരിച്ച് അടയാളപ്പെടുത്തിയതിന് ഫോറസ്റ്റ് സ്റ്റേഷൻ ഉപരോധിച്ചതും നാഷണൽ ഹൈവേയുടെ അതിർത്തി നിശ്ചയിക്കുന്ന സർവ്വേ, പാർട്ടിനേതാവിന്റെ വീടിന്റെ ചുറ്റുമതിൽ വനഭൂമിക്കകത്താണെന്ന് കണ്ടതിനാൽ കല്ലുകൾ പറിച്ചെറിഞ്ഞ് തടസ്സപ്പെടുത്തിയതുമൊക്കെ പഞ്ചായത്തധികാരികളാണ്.

വയനാട് കൊമ്പനെ പിടികൂടണമെന്നാവശ്യപ്പെട്ടുകൊണ്ട് കർഷകർ കാട്ടിലേക്ക് നടത്തിയ മാർച്ചിൽ കാടുകത്തിക്കാനും വനപാലകരുടെ കാൽ വെട്ടാനും പരസ്യമായി ആഹ്വാനം ചെയ്തത് പഞ്ചായത്ത് മെമ്പറും കോൺഗ്രസ്സ് നേതാവുമായ ബെന്നിയാണ്. പഞ്ചായത്തംഗമായ ബെന്നി സത്യപ്രതിജ്ഞാലംഘനമാണ് നടത്തിയത്. ഇയാൾക്കെതിരെ കേസെടുക്കുകയല്ലാതെ അറസ്റ്റ് ചെയ്തിട്ടില്ല. സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷനും എ.ഐ.സി.സിക്കും കെ.പി.സി.സിക്കും പ്രസംഗത്തിന്റെ ഫൂട്ടേജ് സഹിതം പരാതി സമർപ്പിക്കും. ഇയാളെ ഉടനടി അറസ്റ്റുചെയ്യണമെന്ന് പ്രകൃതിസംരക്ഷണ സമിതി ആവശ്യപ്പെടുന്നു.

നൂറിലധികം മനുഷ്യരും അതിന്റെ പതിന്മടങ്ങ് വന്യജീവികളും കൊല്ലപ്പെടുകയും അനേകം കോടി കൃഷിനാശത്തിനിടയാക്കുകയും ചെയ്യുന്ന മനുഷ്യ-വന്യജീവിസംഘർഷം അനസ്യൂതം തുടരുന്നതിനുള്ള ഉത്തരവാദിത്തം കേരളം മാറിമാറി ഭരിച്ച സർക്കാറുകൾക്കും അതിന് നേതൃത്വം നൽകിയ രാഷ്ട്രീയപ്പാർട്ടികൾക്കും എം.എൽ.എമാർക്കും എം.പിമാർക്കും ആണ്. ഒരൊറ്റ പാർട്ടിയും കർഷകസംഘടനയും പഞ്ചായത്തും ഈ പ്രശ്നം ശാശ്വതമായി പരിഹരിക്കാൻ ഗൗരവതരമായി ഒന്നും ഇന്നേവരെ ചെയ്തിട്ടില്ല. വന്യജീവികൾ ആളെ കൊല്ലുകയോ മറ്റോ ചെയ്യുമ്പോൾ ഓടിയെത്തി ക്ഷുഭിതരായ ജനങ്ങൾക്ക് നേതൃത്വം കൊടുക്കൽ മാത്രമാണ് ഇവരുടെ പതിവുപരിപാടി. പിന്നീട് എല്ലാം മറക്കുന്നു. ചുരം ബദൽ റോഡിനും

PTO

റെയിൽവേക്കുംവേണ്ടി ബഹളംവച്ചതിന്റെ പത്തിലൊന്നു ശ്രമിച്ചിരുന്നുവെങ്കിൽ വന്യജീവി-പ്രശ്നം എന്നേ പരിഹരിച്ചേനെ.

ഒരുലക്ഷം ഹെക്ടർ വിസ്തൃതിയുള്ള വയനാടൻ കാടുകളിൽ 32000 ഹെക്ടർ തേക്ക്, യൂക്കാലിപ്റ്റസ് തുടങ്ങിയ ഏകവിളത്തോട്ടങ്ങളാണ്. വയനാട്ടിലെ വന്യജീവികൾ കാടിറങ്ങുന്നതിന്റെ പ്രധാന കാരണവും ഈ തോട്ടങ്ങളാണ്. നാശം സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന തേക്കുതോട്ടങ്ങൾ സ്വാഭാവിക വനമായി പുനഃപരിവർത്തിപ്പിക്കണമെന്ന് കഴിഞ്ഞ 35 വർഷമായി പരിസ്ഥിതി പ്രവർത്തകർ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ സർക്കാരുകൾ വച്ചുപിടിപ്പിച്ച തേക്കുതോട്ടങ്ങളിൽ 1000 ഏക്കർ വീതം വർഷാവർഷം മുറിച്ചുവിറ്റ് അവയെ സ്വാഭാവിക വനമാക്കിമാറ്റിയാൽ പ്രതിവർഷം 2000 കോടിരൂപ സർക്കാറിനു വരുമാനമുണ്ടാകും. ഇതിന്റെ നാലിലൊന്ന് ~~വയനാട്ടിൽ~~ ചിലവഴിച്ചാൽ വയനാട് ഒരു സ്വർഗഭൂമിയായി മാറും. വയനാടും കർഷകരും രക്ഷപ്പെടും.

മുതലക്കണ്ണീർ പൊഴിക്കുകയും വനപാലകർക്കും പരിസ്ഥിതിപ്രവർത്തകർക്കുമെതിരെ വിദ്വേഷപ്രചരണം നടത്തുകയും ചെയ്യുന്നത് അവസാനിപ്പിച്ച് വന്യജീവിപ്രശ്നം ശാശ്വതമായി പരിഹരിക്കാൻ അധികാരം കൈയാളുന്നവരും പഞ്ചായത്തുകളും പാർട്ടികളും തയ്യാറാവുകയാണ് വേണ്ടത്. അതിനുള്ള കർഷകമുന്നേറ്റമാണിവിടെ ഉയർന്നുവരേണ്ടത്.

കൽപറ്റ
5-3-2019

N. ബാദുഷ (പ്രസിഡണ്ട്)
തോമസ് അമ്പലവയൽ (സെക്രട്ടറി)
വയനാട് പ്രകൃതിസംരക്ഷണ സമിതി

kannavasali@gmail.com

# പരിസ്ഥിതി സൗഹൃദവികസനവും പുരോഗതിയും ലക്ഷ്യമാക്കി വയനാട് കർഷക കൂട്ടായ്മ

പ്രിയ സുഹൃത്തേ,

മുത്തങ്ങയിലും മീനങ്ങാടിയിലും പിന്നീട് ബത്തേരിയിലുമായി നടന്ന വയനാടിന്റെ വിവിധപ്രദേശങ്ങളിൽ നിന്നുള്ള ജൈവ-പ്രകൃതി കർഷകരുടേയും പരിസ്ഥിതിപ്രവർത്തകരുടേയും കൂട്ടായ്മയിൽ ഉരുത്തിരിഞ്ഞ അവകാശപത്രിക, ചർച്ചചെയ്യുന്നതിനും ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും ആയി 2019 ജൂൺ 16-ന് ഞായറാഴ്ച കൽപ്പറ്റ എസ്.കെ.എം.ജെ. ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ ചേരുന്ന യോഗത്തിൽ താങ്കളും സുഹൃത്തുക്കളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. യോഗം കാലത്ത് 10 മണിക്ക് ആരംഭിച്ച് 4 മണിക്ക് അവസാനിക്കുന്നതാണ്.

എന്ന്,
സംഘാടകസമിതിക്ക് വേണ്ടി

രാജേഷ് കൃഷ്ണൻ, തൃശ്ശിലേരി
ഗോപാലകൃഷ്ണൻ സി.എ. ബത്തേരി
ബാബുരാജ് എം. കൽപറ്റ

കൽപ്പറ്റ
03/06/2019

# പരിസ്ഥിതി സൗഹൃദവികസനവും പുരോഗതിയും ലക്ഷ്യമാക്കി വയനാട് കർഷക കൂട്ടായ്മ

പ്രിയ സുഹൃത്തെ,
മുത്തങ്ങയിലും മീനങ്ങാടിയിലും പിന്നീട് ബത്തേരിയിലുമായി നടന്ന വയനാടിന്റെ വിവിധപ്രദേശങ്ങളിൽ നിന്നുള്ള ജൈവ-പ്രകൃതി കർഷകരുടെയും പരിസ്ഥിതിപ്രവർത്തകരുടെയും കൂട്ടായ്മയിൽ ഉരുത്തിരിഞ്ഞ അവകാശപത്രിക, ചർച്ചചെയ്യുന്നതിനും ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും ആയി 2019 ജൂൺ 16-ന് ഞായറാഴ്ച കൽപ്പറ്റ എസ്.കെ.എം.ജെ. ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ ചേരുന്ന യോഗത്തിൽ താങ്കളും സുഹൃത്തുക്കളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. യോഗം കാലത്ത് 10 മണിക്ക് ആരംഭിച്ച് 4 മണിക്ക് അവസാനിക്കുന്നതാണ്.

എന്ന്,
സംഘാടകസമിതിക്ക് വേണ്ടി

രാജേഷ് കൃഷ്ണൻ, തൃശ്ശിലേരി
ഗോപാലകൃഷ്ണൻ സി.എ, ബത്തേരി
ബാബുരാജ് എം, കൽപറ്റ

കൽപ്പറ്റ
03/06/2019

## നാലാമത് വി.എം.ഹരിദാസ് സ്മാരക പ്രഭാഷണവും മികച്ച പരമ്പരാഗത പ്രകൃതി സൗഹൃദ കർഷകനുള്ള പുരസ്കാര സമർപ്പണവും

**2019 മാർച്ച് 7 - ബുധനാഴ്ച**
**ഉച്ചകഴിഞ്ഞ് 2.30 - ന്**
**ബത്തേരി അദ്ധ്യാപകഭവനിൽ**

**മുൻ കേരള ചീഫ് സെക്രട്ടറി**
**എസ്.എം. വിജയാനന്ദ്**
**സ്മാരകപ്രഭാഷണം നടത്തും.**
**(വിഷയം : സുസ്ഥിര കൃഷി)**

സുഹൃത്തെ,

വി.എം. ഹരിദാസ് ഓർമ്മയായിട്ട് മൂന്ന് വർഷം തികയുകയാണ്. കൃഷിയെ ജീവനുതുല്യം സ്നേഹിക്കുകയും രാസ - കീടനാശിനികളില്ലാത്ത പ്രകൃതി സൗഹൃദകൃഷിയുടെ പ്രചരണപ്രവർത്തനങ്ങളിൽ സജീവപങ്കാളിയാവുകയും ചെയ്ത പരിസ്ഥിതിപ്രവർത്തകനായിരുന്നു ഹരിദാസ്. ഹരിദാസിന്റെ ഓർമ്മക്കായി അദ്ദേഹത്തിന്റെ ബന്ധുക്കളും സുഹൃത്തുക്കളും ചേർന്ന് നൽകുന്ന വയനാട്ടിലെ മികച്ച കർഷകനുള്ള അവാർഡ് സമർപ്പണവും സ്മാരകപ്രഭാഷണവും മാർച്ച് മാസം 7 - ന് നടക്കും.

ഈ വർഷത്തെ വിശിഷ്ടാതിഥി, പ്രകൃതി സൗഹൃദകൃഷിക്കും കാർഷികമേഖലയുടെ സുസ്ഥിരമായ നിലനിൽപ്പിനും വേണ്ടി അക്ഷീണം പ്രയത്നിച്ചുകൊണ്ടിരിക്കുന്ന കേരള മുൻ ചീഫ് സെക്രട്ടറിയും പ്രശസ്ത ഗാന്ധിയനും സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റിന്റെ ചെയർമാനുമായ ശ്രീ. എസ്.എം. വിജയാനന്ദ് ആണ്. താങ്കൾ സുഹൃത്തുക്കൾക്കും കുടുംബാംഗങ്ങൾക്കും ഒപ്പം പരിപാടിയിൽ പങ്കെടുക്കണമെന്ന് താൽപര്യപ്പെടുന്നു.

എന്ന്,

നായ്ക്കട്ടി
15.02.2019

മറുകര ഗംഗാധരൻ
ചെയർമാൻ, സംഘാടകസമിതി

വയനാട് പ്രകൃതിസംരക്ഷണസമിതി
കേരള ഗ്രാമീൺ ബാങ്ക്, കല്ലൂർ
ഗ്രാമജ്യോതി ഫാർമേഴ്സ് ക്ലബ്ബ്, കല്ലൂർ